"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സംസ്ഥാന മാധ്യമ പുരസ്കാരം - പുരസ്കാരനിർണ്ണയത്തിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(സി) വകുപ്പ്**

**സ.ഉ.(സാധാ) നം.12/2019/ഐ & പി.ആര്  തീയതി, തിരുവനന്തപുരം, 18/01/2019**

---

**ഉത്തരവ്**

അച്ചടി മാധ്യമങ്ങളിലെ ജനറൽ റിപ്പോർട്ടിംഗ്, വികസനോന്മുഖ റിപ്പോർട്ടിംഗ്, ന്യൂസ് ഫോട്ടോഗ്രാഫി, കാർട്ടൂൺ, ദൃശ്യമാധ്യമങ്ങളിലെ ന്യൂസ് റിപ്പോർട്ടിംഗ്, ന്യൂസ് എഡിറ്റിംഗ്, ന്യൂസ് കാമറ, ന്യൂസ് റീഡർ, അഭിമുഖം എന്നീ വിഭാഗങ്ങൾക്ക് സംസ്ഥാന സർക്കാർ മാധ്യമ പുരസ്കാരം നൽകി വരുന്നുണ്ട്. പ്രസ്തുത പുരസ്കാരങ്ങൾ നിശ്ചയിക്കുന്നതിന് ചുവടെപ്പറയുന്ന മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവാകുന്നു.

**അച്ചടി മാധ്യമം**

**I. ജനറൽ റിപ്പോർട്ടിംഗ്**

1. റിപ്പോർട്ടുകൾ സംസ്ഥാനതലത്തിൽ പ്രസിദ്ധീകരിച്ചവ ആയിരിക്കണം.
2. സമൂഹത്തിൽ സ്വാധീനം ചെലുത്തുകയോ മാറ്റം സൃഷ്ടിക്കുകയോ തെറ്റ് തിരുത്താൻ പ്രേരകമാവുകയോ ചെയ്തവ ആയിരിക്കണം.
3. വിഷയം മുൻപ് വിശദമായി കൈകാര്യം ചെയ്തതാവരുത്.
4. റിപ്പോർട്ട് വസ്തുതാപരമായിരിക്കണം. വിഷയത്തെക്കുറിച്ചുള്ള വ്യത്യസ്ത കാഴ്ചപ്പാടുകളും, നിലപാടുകളും മറ്റ് സാധ്യതകളും പ്രതിഫലിക്കുന്നതായിരിക്കണം.

**II. വികസനോന്മുഖ റിപ്പോർട്ടിംഗ്**

1. റിപ്പോർട്ടുകൾ സംസ്ഥാനത്തിന്റെ വികസനത്തിന് സഹായകരമാവുകയോ വികസനത്തിലെ പോരായ്മകൾ ചൂണ്ടിക്കാട്ടുകയോ വികസനത്തിന് പ്രേരകമാവുകയോ ചെയ്യുന്നവ ആയിരിക്കണം.
2. സംസ്ഥാനത്തെ വികസന പദ്ധതികളെക്കുറിച്ചുള്ള പോസിറ്റീവ് ആയതും വിമർശനാത്മകവുമായ റിപ്പോർട്ടുകൾ പരിഗണിക്കുന്നതാണ്. റിപ്പോർട്ടുകൾ വസ്തുതാപരമായിരിക്കണം. രാഷ്ട്രീയ അതിപ്രസരം അരുത്.
3. വികസനോന്മുഖ പരമ്പരകളും പരിഗണിക്കുന്നതാണ്.
4. റിപ്പോർട്ടുകൾ ആഴത്തിലുള്ള പഠനത്തിന്റെ അടിസ്ഥാനത്തിലുള്ളവയാവണം. വിഷയത്തിന്റെ പശ്ചാത്തലം, അതുമായി ബന്ധപ്പെട്ട കൃത്യമായ സ്ഥിതിവിവരങ്ങൾ, വ്യത്യസ്ത കാഴ്ചപ്പാടുകൾ, ബന്ധപ്പെട്ട വ്യക്തികളുടെ സംഭാഷണശകലങ്ങൾ എന്നിങ്ങനെയുള്ള ഘടകങ്ങൾ അവശ്യം ഉണ്ടായിരിക്കണം.

**III. ന്യൂസ് ഫോട്ടോഗ്രാഫി**

1. ചിത്രങ്ങൾ സംസ്ഥാനത്തെ പത്രമാധ്യമങ്ങളിൽ പ്രവർത്തിക്കുന്ന സ്റ്റാഫ് ഫോട്ടോഗ്രാഫർ എടുത്തവ ആയിരിക്കണം
2. വാർത്താ ചിത്രമായിരിക്കണം (പ്രകൃതി ദൃശ്യങ്ങൾ, പോർട്രേറ്റുകൾ തുടങ്ങിയവ പരിഗണിക്കുന്നതല്ല).
3. ഫോട്ടോഷോപ്പോ മറ്റു സോഫ്റ്റ്‌വെയറുകളോ ഉപയോഗിച്ച് മികച്ചതാക്കിയ ഫോട്ടോകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ചിത്രം അസ്സൽ ആയിരിക്കണം.
4. കളർ/ ബ്ലാക്ക് & വൈറ്റ് വിവേചനം ഉണ്ടായിരിക്കുന്നതല്ല.
6. മുൻകൂട്ടി അറിയാവുന്ന/ നിശ്ചയിച്ച വിഷയത്തെക്കുറിച്ചുള്ള ചിത്രമായിരിക്കരുത്. ഫോട്ടോഗ്രാഫറുടെ വാർത്താബോധവും വിഷയത്തിന്റെ വാർത്താപ്രാധാന്യത്തെപ്പറ്റി ഉടൻ തീരുമാനം എടുക്കുന്നതിനുള്ള കഴിവും തെളിയിക്കുന്നതായിരിക്കണം.

**IV. കാർട്ടൂൺ**

1. കേരളത്തിൽ എഡിഷനുകളുള്ള ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ചവയാവണം.
2. പത്രങ്ങളുടെ സ്റ്റാഫ് കാർട്ടൂണിസ്റ്റുകൾ വരച്ചവ ആയിരിക്കണം.
3. വാക്കുകളേക്കാൾ വരകളിലൂടെ സംവദിക്കുന്ന കാർട്ടൂണുകൾക്ക് മുൻഗണന നൽകുന്നതാണ്.
4. വ്യക്തികളെ വിഷയമാക്കാവുന്നതാണ്. എന്നാൽ വ്യക്തിപരമായി ആക്ഷേപിക്കുന്നവ ആവരുത്. സാമൂഹിക വിമർശനവും നർമവുമായിരിക്കണം കാർട്ടൂണിന്റെ ഉദ്ദേശ്യം.

**ദൃശ്യമാധ്യമം**

**I. ടി. വി. ന്യൂസ് റിപ്പോർട്ടിംഗ്**

1. റിപ്പോർട്ടുകൾ സമൂഹത്തിൽ സ്വാധീനം ചെലുത്തുകയോ മാറ്റം സൃഷ്ടിക്കുകയോ തെറ്റു തിരുത്താൻ പ്രേരകമാവുകയോ ചെയ്യുന്നവ ആയിരിക്കണം.
2. വസ്തുതാപരമായിരിക്കണം. വിഷയത്തെക്കുറിച്ചുള്ള റിപ്പോർട്ടറുടെ കണ്ടെത്തൽ/കാഴ്ചപ്പാട് അവതരിപ്പിക്കുന്നതിനൊപ്പം മറുപക്ഷത്തെ കാഴ്ചപ്പാടും/ നിലപാടും റിപ്പോർട്ടിൽ പ്രതിഫലിക്കണം. വാർത്തകൾ വിധിപ്രസ്താവസ്വഭാവമുള്ളവ ആയിരിക്കരുത്.

3. പരമ്പര രൂപത്തിലുള്ള റിപ്പോർട്ടുകളും പരിഗണിക്കാം. ഒരു സിംഗിൾ റിപ്പോർട്ട് ഒന്നര മിനിറ്റിൽ കവിയരുത്.
4. ഡോക്യുമെന്ററികൾ പരിഗണിക്കുന്നതല്ല.
5. വാർത്താ റിപ്പോർട്ടാണെങ്കിൽ വാർത്താ വായനക്കാരൻ/വായനക്കാരി വായിക്കുന്ന ഇൻട്രോയും ചേർന്നായിരിക്കണം എൻട്രി അയയ്ക്കേണ്ടത്.

### II. ടി. വി. ന്യൂസ് എഡിറ്റിംഗ്

1. എഡിറ്റിംഗ് വാർത്തയുടെ അന്തഃസത്ത ചോരാതെ നിർവ്വഹിച്ചതായിരിക്കണം.
2. ദൃശ്യങ്ങളുടെ മികച്ച വിന്യാസം ഉണ്ടാവണം.

### III. ടി. വി. ന്യൂസ് കാമറ

1. വിഷ്വലുകൾ വാർത്തയുമായി ഇഴുകിച്ചേരുന്നതായിരിക്കണം.
2. വാക്കുകളേക്കാളുപരി ദൃശ്യങ്ങൾ പ്രേക്ഷകനോട് സംവദിക്കണം.
3. ക്യാമറ കൈകാര്യം ചെയ്തത് മാധ്യമ സ്ഥാപനത്തിന്റെ സ്റ്റാഫ് ക്യാമറാമാൻ ആയിരിക്കണം.

### IV. ടി. വി. ന്യൂസ് റീഡർ

1. അക്ഷരസ്ഫുടത ഉണ്ടായിരിക്കണം.
2. അവതരണം വാർത്തയുടെ ഗൗരവം ചോരാതെ ആയിരിക്കണം.
3. സ്വരലയത്തിലെ മാറ്റങ്ങളും ശബ്ദക്രമീകരണവും (മോഡുലേഷൻ) പരിഗണിക്കുന്നതാണ്.
4. വാർത്താധിഷ്ഠിത ചർച്ചാ പരിപാടി പരിഗണിക്കുന്നതല്ല.

### V. ടി. വി. അഭിമുഖം

1. ഏറ്റവും കുറഞ്ഞത് 15 മിനിട്ടെങ്കിലും ദൈർഘ്യമുണ്ടാവണം.
2. അഭിമുഖം ചെയ്യപ്പെടുന്ന വ്യക്തിയിൽ നിന്ന് പ്രേക്ഷകന് പ്രയോജനം ചെയ്യുന്ന പരമാവധി വിവരങ്ങൾ കിട്ടുന്ന തരത്തിലായിരിക്കണം.
3. വിഷയം ആഴത്തിൽ കൈകാര്യം ചെയ്യുന്നവയാവണം.
4. മലയാളം ന്യൂസ് ചാനലുകളിൽ സംപ്രേക്ഷണം ചെയ്തതായിരിക്കണം.

## പൊതു മാനദണ്ഡം

1. വിവിധ വിഭാഗങ്ങളിലെ പുരസ്കാരങ്ങൾക്കുള്ള ശിപാർശകൾ, നിർദ്ദേശങ്ങൾ, പരിഗണനകൾ എന്നിവ സംബന്ധിച്ച് വിധികർത്താക്കൾ നിർബന്ധമായും രഹസ്യ സ്വഭാവം പുലർത്തേണ്ടതാണ്. തീരുമാനം ഔദ്യോഗികമായി പ്രഖ്യാപിക്കുന്നതുവരെ പ്രസ്തുത വിവരങ്ങൾ വെളിപ്പെടുത്താൻ പാടുള്ളതല്ല.
2. ജഡ്ജിംഗ് കമ്മിറ്റിയുടെ മെമ്പർ സെക്രട്ടറി ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രതിനിധിയായിരിക്കും.
3. അച്ചടി ദൃശ്യ മാധ്യമങ്ങളുടെ അവാർഡ് നിർണയത്തിന് പ്രത്യേകം കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.
4. ഏതെങ്കിലും വിഭാഗത്തിലേക്കുള്ള എൻട്രികൾ നിലവാരമില്ലാത്തതാണെന്ന്

കണ്ടെത്തിയാൽ ആ വിഭാഗത്തിൽ പുരസ്കാരം നൽകേണ്ടതില്ലെന്ന് നിർദ്ദേശിക്കാനുള്ള വിവേചനാധികാരം ജഡ്ജിംഗ് കമ്മിറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്.

5. ജഡ്ജിംഗ് കമ്മിറ്റിയുടെ ശിപാർശയും അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ കൈക്കൊള്ളുന്ന തീരുമാനവും അന്തിമമായിരിക്കും. അതിൻമേൽ യാതൊരുവിധ അപ്പീലുകളോ എഴുത്തുകുത്തുകളോ സ്വീകരിക്കുന്നതല്ല.
6. അവാർഡുകൾക്കായി അപേക്ഷ സമർപ്പിക്കുന്ന വ്യക്തി/സ്ഥാപനം ഇതുമായി ബന്ധപ്പെട്ട എല്ലാ വ്യവസ്ഥകളും അംഗീകരിക്കേണ്ടതും പാലിക്കേണ്ടതും അതിന് വിധേയനായിരിക്കുന്നതുമാണ്.
7. അവാർഡ് എൻട്രികൾ നിർദ്ദിഷ്ട ഫോർമാറ്റിലായിരിക്കണം സമർപ്പിക്കേണ്ടത്. അല്ലാത്തവ നിരസിക്കാനുള്ള അധികാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന് ഉണ്ടായിരിക്കുന്നതാണ്. ദൃശ്യമാധ്യമ വിഭാഗത്തിലെ എൻട്രികൾ സാങ്കേതിക തകരാർ ഉള്ളവയാണെങ്കിൽ അത് നിരസിക്കാൻ ജഡ്ജിംഗ് കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും.
8. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കാനുള്ള അധികാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന് ഉണ്ടായിരിക്കും. എന്നാൽ പ്രത്യേക സാഹചര്യങ്ങളിൽ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതിയിൽ ഇളവ് നൽകുന്നതിനുള്ള വിവേചനാധികാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിനുണ്ടാവും.
9. ചാനൽ റിപ്പോർട്ടുകളിൽ ഉപയോഗിക്കുന്ന ഭാഷ ഏറിയ പങ്കും മലയാളം ആയിരിക്കണം.
10. ഒരു വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള എൻട്രി മറ്റൊരു വിഭാഗത്തിലേക്ക് പരിഗണിക്കുന്നതല്ല.
11. ഒരു വ്യക്തി ഒരു വിഭാഗത്തിലേക്ക് ഒന്നിൽ കൂടുതൽ എൻട്രികൾ അയയ്ക്കാൻ പാടില്ല.
12. അയയ്ക്കുന്ന ആളിന്റെ സ്ഥാപനത്തിന്റെ മേലധികാരിയുടെ സമ്മതപത്രത്തോടെ വേണം  എൻട്രികൾ അയയ്ക്കേണ്ടത്.
13. അവാർഡിന് പരിഗണിക്കുന്ന പരമ്പരകൾ ഒന്നിലധികം വർഷത്തേക്ക് നീണ്ടുനിൽക്കുന്നവയാണെങ്കിൽ പരമ്പര തുടങ്ങിയ വർഷത്തേക്കുള്ള അവാർഡിനാണ് പരിഗണിക്കുന്നത്.
14. റിപ്പോർട്ടുകൾ അവാർഡ് നിശ്ചയിക്കപ്പെട്ട വർഷം പ്രസിദ്ധീകരിച്ചവയായിരിക്കണം.
15. സ്റ്റാഫ് റിപ്പോർട്ടർ, സ്റ്റാഫ് ഫോട്ടോഗ്രാഫർ, സ്റ്റാഫ് കാർട്ടൂണിസ്റ്റ് എന്നാൽ ഒരു മാധ്യമസ്ഥാപനത്തിൽ ഫുൾ ടൈം ജോലി ചെയ്യുന്നവരും സ്ഥാപനത്തിന്റെ റോളിൽ പേരുള്ളവരും ആയിരിക്കണം.
16. ഏതെങ്കിലും തരത്തിൽ ജൂറിയെ സ്വാധീനിക്കാൻ ശ്രമിക്കുന്നത് എൻട്രി അസാധുവാക്കും.
17. ഒരു എൻട്രി അവാർഡിന് അർഹമാവുന്നതിന്റെ കാരണം ജഡ്ജിംഗ് കമ്മിറ്റി രേഖപ്പെടുത്തേണ്ടതാണ്.
18. ഒരേ നിലവാരത്തിലുള്ള എൻട്രികൾ ഉണ്ടെന്ന വിലയിരുത്തൽ ഉണ്ടായാൽ പ്രത്യേക ജൂറി പുരസ്കാരം നൽകാൻ ജഡ്ജിംഗ് കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും.

19. വസ്തുതാവിരുദ്ധമെന്ന് വ്യക്തമായ എൻട്രികൾ നിരസിക്കാൻ ജഡ്ജിംഗ് കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും.
20. ജഡ്ജിംഗ് കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.
21. അവാർഡുകൾ അതതു വർഷം തന്നെ തീരുമാനിക്കുകയും വിതരണം ചെയ്യുകയും ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മേരി ലാലി.സി.വൈ**
**ഡെപ്യൂട്ടി സെക്രട്ടറി**

അഡീഷണല് ഡയറക്ടര് (ജനറല്) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ജോയിന്റ് ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടർ (മീഡിയാ റിലേഷൻസ്),
ഇൻഫർമേഷൻ ഓഫീസർ (പ്രസ്സ് റിലീസ്), ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സെക്രട്ടറിയുടെ സിഎയ്ക്ക്
ഡയറക്ടറുടെ സി.എയ്ക്ക്
അഡിഷണൽ ഡയറക്ടറുടെ (ജനറൽ/ഇ.എം.ഡി)സി.എയ്ക്ക്
ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ യ്ക്ക്